LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പുരോഗതി

18 [2881] ശ്രീ. മത്തായി ചാക്കോ:
,, സാജു പോൾ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ് ഏതു വർഷം വരെ പൂർത്തീകരിച്ചു;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് ആഡിറ്റ് നടത്തുന്ന സ്ഥാപനങ്ങളിലെ ആഡിറ്റ് പുരോഗതി സ്ഥാപനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) ആഡിറ്റ് സമ്പൂർണ്ണവും കുറ്റമറ്റതും ആക്കുവാൻ സർക്കാർ ആവശ്യത്തിന് ആഡിറ്റർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓഡിറ്റ് പൂർത്തിയാക്കിയതു സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇതു സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.††

(സി) ആഡിറ്റർമാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

19 [2882] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ആഡിറ്റ് നടത്തിയതിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ/വകുപ്പുകളിൽ എത്ര രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തി എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിന് ഏതെല്ലാം വകുപ്പുകൾക്ക് ഉപദേശം നൽകിയിട്ടുണ്ട്;

(സി) ലോക്കൽ ഫണ്ട് ആഡിറ്റിന്റെ റിപ്പോർട്ട് പ്രകാരം ഏതെല്ലാം വകുപ്പുകളിൽ ആർക്കെല്ലാം എതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ചട്ടങ്ങൾ പാലിച്ചാണ് ഫണ്ട് ചെലവഴിക്കുന്നതെന്ന് ഉറപ്പുവരുത്താൻ വകുപ്പിൽ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.